**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2873** **18-03-2022 - ൽ മറുപടിയ്ക്ക്**

**ശബരിമലയിലെ പുണ്യദർശനം കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പ്രമോദ് നാരായണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | 17.10.2017 ൽ മുഖ്യമന്ത്രി തറക്കല്ലിട്ടതും 4.99 കോടി രൂപയുടെ ഭരണാനുമതിയുള്ളതുമായ ശബരിമല പുണ്യദർശനം കോംപ്ലക്സ് പ്രവൃത്തി ആരംഭിക്കുന്നതിന് ദേവസ്വം വകുപ്പിന്റെ ഭാഗത്ത് നിന്ന് സ്വീകരിച്ച നടപടി വിശദീകരിക്കാമോ ; | (എ) | പിത്തവാടിയൻ ആർക്കിടെക്ട് മുഖാന്തിരം തയ്യാറാക്കിയ ശബരിമലയുടെ ആദ്യ ലേ ഔട്ട് പ്ലാനിൽ പുണ്യദർശനം കോംപ്ലക്സ് കെട്ടിടം അടയാളപ്പെടുത്തിയിട്ടില്ല. ബഹു. കേരള ഹൈക്കോടതി നിയോഗിച്ച അഭിഭാഷക കമ്മീഷണറുടെ ചുമതലയിൽ സംയുക്ത സർവ്വേ പൂർത്തിയാക്കി അതിർത്തികൾ നിർണ്ണയിച്ച് ജൻഡകൾ സ്ഥാപിച്ചതിന് ശേഷം മാത്രമേ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ ശബരിമല സന്നിധാനത്ത് അനുവദിക്കാൻ കഴിയു എന്ന നിലപാട് വനം വകുപ്പ് സ്വീകരിച്ചിരുന്നു. നിലവിൽ സംയുക്ത സർവ്വേ പൂർത്തീകരിച്ചിട്ടുള്ളതും, ആയത് ബഹു. കേരള ഹൈക്കോടതി അംഗീകരിച്ചിട്ടുള്ളതുമാണ്. അതുമായി ബന്ധപ്പെട്ട്, അഭിഭാഷക കമ്മീഷന്റെ ചുമതലയിൽ അതിർത്തി നിർണ്ണയിക്കുന്ന ജോലികൾ നടന്നു വരുന്നു. ലേ ഔട്ട് പ്ലാനിൽ മാറ്റങ്ങൾ വരുത്താൻ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി വീണ്ടും തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആകയാൽ പുതിയ നിർമ്മാണങ്ങൾ ഉന്നതാധികാര സമിതി അനുവദിക്കുന്ന പക്ഷം ലേ ഔട്ടിൽ ഉൾപ്പെടുത്തുവാൻ സാധിക്കുന്നതാണ്. |
| (ബി) | ഭൂമിയുടെ ഉടമസ്ഥാവകാശം ദേവസ്വം വകുപ്പിൽ നിലനിർത്തി കൊണ്ട് പ്രവൃത്തി പൂർത്തിയാക്കുവാൻ (ബിൽഡ് ഓപ്പറേറ്റ് മോഡൽ) വിനോദ സഞ്ചാര വകുപ്പിന് ആവശ്യമായ അനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ? | (ബി) | ബിൽഡ് & ഓപ്പറേറ്റ് മോഡൽ സംവിധാനത്തിൽ വിനോദസഞ്ചാര വകുപ്പിന് ആവശ്യമായ അനുമതി നൽകണമെന്ന പ്രപ്പോസൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റേയോ ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയുടെയോ പരിഗണനയ്ക്കായി വന്നിട്ടില്ല എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ